**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3300** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ. കളിൽ ഹ്രസ്വകാല കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര തൊഴിൽ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങൾക്കനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ ഹ്രസ്വകാല പരിശീലന കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | K.DISC രൂപം നൽകിയ Kerala Knowledge Economy Mission (KKEM), കിഫ്ബി (KIIFB) യുടെ സഹായത്തോടെ Skill Infrastructure Development programme എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളുടെ ആവശ്യത്തിനനുസരിച്ച് തൊഴിലന്വേഷകർക്ക് നൈപുണ്യം നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. ഐ.ടി.ഐ കളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഹ്രസ്വകാല പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ പരിശോധിച്ച് K.DISC ന് നൽകുകയും ആയത് K.DISC അംഗീകരിച്ച് ഫണ്ട് ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് വിവിധ ഐ.ടി.ഐകളിൽ ഹ്രസ്വകാല പരിശീലന കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.<br><br>സംസ്ഥാനത്തെ മിക്ക ഐ.ടി.ഐകളിലും നിലവിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മറ്റിയുടെ നേതൃത്വത്തിൽ പല സ്ഥാപനങ്ങളുമായി സഹകരിച്ച് ഹ്രസ്വകാല പരിശീലന കോഴ്സുകൾ നടത്തിവരുന്നുണ്ട്. കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തി എല്ലാ ഐ.ടി.ഐ കളിലും ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ